Mathrubhumi
മാതൃഭൂമി
26 September 2021

# കടൽപ്പായൽ കൃഷി വ്യാപകമാക്കും



കേന്ദ്ര ഫിഷറീസ് സെക്രട്ടറി ജതീന്ദ്രനാഥ് സ്വൈൻ സി.എം.എഫ്.ആർ.ഐ.യിൽ ശാസ്ത്രജ്ഞരുമായി ആശയവിനിമയം നടത്തുന്നു

**കൊച്ചി**▸ കേരളത്തിലടക്കം കടൽപ്പായൽ കൃഷി വ്യപകമാക്കുമെന്ന് ഫിഷറീസ് സെക്രട്ടറി ജതീന്ദ്രനാഥ് സ്വൈൻ പറഞ്ഞു. സാധ്യമായ ഇടങ്ങളിലെല്ലാം വൻതോതിൽ കടൽപ്പായൽ കൃഷിചെയ്ത് മത്സ്യത്തൊഴിലാളികളുടെ വരുമാനം വർധിപ്പിക്കുകയാണ് ലക്ഷ്യം. 'പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന' പദ്ധതിയിൽ കടൽപ്പായൽ കൃഷിക്ക് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ.) ശാസ്ത്രജ്ഞരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. അഞ്ചു വർഷത്തിനുള്ളിൽ സമുദ്രോത്പന്ന കയറ്റുമതി ഇരട്ടിയാക്കാനാണ് കേന്ദ്രം ലക്ഷ്യമിടുന്നത്. കടൽപ്പായൽ കൃഷി ജനകീയമാക്കുന്നതിനായി വിത്തുബാങ്ക് സ്ഥാപിക്കാൻ അദ്ദേഹം സി.എം.എഫ്.ആർ.ഐ.യോട് ആവശ്യപ്പെട്ടു.

ഫിഷറീസ് സെക്രട്ടറിയായി ചുമതലയേറ്റ ശേഷമുള്ള കേരള സന്ദർശനത്തിന്റെ ഭാഗമായി സി.എം.എഫ്.ആർ.ഐ.യിൽ എത്തിയതായിരുന്നു ജതീന്ദ്രനാഥ് സ്വൈൻ. ഫിഷറീസ് ജോയിന്റ് സെക്രട്ടറി ഡോ. ജെ. ബാലാജി, സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ എന്നിവരും സംസാരിച്ചു.